പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

30.06.2015 -ലെ മറുപടിയ്ക്ക്
(പുതുക്കിയ തീയതി)

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 940

## വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ നഴ്സുമാരുടെ പുനരധിവാസം

ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ

(എ) ആഭ്യന്തരയുദ്ധം മൂലം വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ നഴ്സുമാരെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) ആഭ്യന്തര സംഘർഷത്തെത്തുടർന്ന് ഇറാക്ക്, ലിബിയ എന്നീ രാജ്യങ്ങളിലെ പ്രശ്നബാധിതപ്രദേശങ്ങളിൽ നിന്നും തിരികെയെത്തിയവർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഈ മേഖലയിലെ തൊഴിൽ ദാതാക്കാളുടെയോഗം ബഹു. മുഖ്യമന്ത്രി വിളിച്ച് ചേർക്കുകയും തുടർന്ന് തൊഴിൽ ദാതാക്കൾ ഇപ്രകാരം തിരികെയെത്തിയവരുമായി കൂടി കാഴ്ച നടത്തി തിരഞ്ഞെടുപ്പുനടത്തുകയും ചെയ്തു. ഇവരിൽ നിന്നും 23 നഴ്സുമാർക്ക് എൻ.എം.സി ഗ്രൂപ്പിലും അൽ- അഹല്ല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേർക്ക് യു.എ.ഇ യിലും ജോലി ലഭിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാ രേഖകൾ തയ്യാറായി വരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ നോർക്ക റൂട്ട്സിന്റെ ജോബ് പോർട്ടലിൽ (www.jobsnorka.gov.in) പ്രത്യേക രജിസ്ട്രേഷൻ സൗകര്യം ഇത്തരത്തിൽ തിരികെയെത്തിയവർക്കായി ഏർപ്പെടുത്തിയിട്ടുണ്ട്. ഇവർക്കായി പ്രത്യേക പുനരധിവാസപദ്ധതി പ്രഖ്യാപിച്ചിട്ടില്ല. തിരികെയെത്തിയ പ്രവാസി മലയാളികൾക്കായി നിലവിലുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് ഇവർക്കും അർഹതയുണ്ട്.

Sreedas
സെക്ഷൻ ഓഫീസർ